## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1756

04/12/2015 - ൽ മറുപടിക്ക്

### കുടുംബശ്രീയുടെ പുനർജനി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.സത്യൻ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.പി.ടി.എ.റഹീം | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകപ്പ് മന്ത്രി) |
| (എ) കുടുംബശ്രീയുടെ പുനർജനി പദ്ധതി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) ഉണ്ട്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ നിശ്ചിത ഇ ട വേളകളിൽ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാരുടെ സാന്നിദ്ധ്യത്തിൽ ഈ വിഷയം അവലോകനം ചെയ്യാറുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നൽകുന്നതിന് ഏതൊക്കെ ഏജൻസികളുമായാണ് കരാറൊപ്പിട്ടത്; | (ബി) ഇഷാ ലേണിങ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, എസ്.ബി ഗ്ലോബൽ എഡ്യൂക്കേഷണൽ റിസോഴ്സസ് പ്രൈവറ്റ് ലിമിറ്റഡ്, ശ്രീ രാമകൃഷ്ണാ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് എന്നീ ഏജൻസികളുമായാണ് കരാർ ഒപ്പിട്ടിട്ടുള്ളത്. |
| (സി) പ്രസ്തുത ഏജൻസികൾ പരിശീലന പരിപാടി പൂർത്തിയാക്കിയവർക്ക് ജോലി ലഭ്യമാക്കിയിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കുടുംബശ്രീ ചെലവഴിച്ച തുക സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ ആയത് ലഭ്യമാക്കുമോ? | (ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് നാളിതുവരെയായി 1,03,63,485/- രൂപ (ഒരു കോടി മൂന്ന് ലക്ഷത്തി അറുപത്തിമൂവായിരത്തി നാന്നൂറ്റി എൺപത്തിയഞ്ച് രൂപ മാത്രം) കുടുംബശ്രീ മിഷൻ ചെലവഴിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ